**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 103** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം.ശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. പി. പ്രസാദ്

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീമതി ഗീതാ ഗോപി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ നിന്നും പിന്മാറുന്നതായി അറിയിച്ചുകൊണ്ട് മുൻ സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ 2025 ഒക്ടോബറിൽ മുൻ സർക്കാർ ഒപ്പു വച്ചു. ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് ചില ആശങ്കകൾ ഉയർന്ന സാഹചര്യത്തിൽ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും ഉപസമിതി റിപ്പോർട്ട് ലഭിക്കുന്നതുവരെ ഒപ്പിട്ട ധാരണാപത്രം പ്രകാരമുള്ള നടപടികൾ നീട്ടിവയ്ക്കുകയാണെന്ന് അറിയിച്ചുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് 2025 നവംബർ 12 ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പിനായി ഏതെങ്കിലും തുക കേന്ദ്ര സർക്കാരിൽനിന്നും കൈപ്പറ്റിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പി.എം.-ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ മുൻ സർക്കാർ ഒപ്പിടുകയും പിന്നീട് ധാരണാപത്രം പ്രകാരമുള്ള നടപടികൾ നീട്ടിവയ്ക്കുകയാണെന്ന് അറിയിച്ചുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ നിന്ന് പിൻമാറുന്നതിനുള്ള അവകാശം ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാരിനില്ല. ഭരണഘടനാ പ്രകാരമുള്ള സംസ്ഥാനത്തിന്റെ അവകാശങ്ങളായ സിലബസ് തയ്യാറാക്കൽ, പദ്ധതിയിൽ അംഗമാകുന്നതിനുള്ള സ്കൂളുകളുടെ തിരഞ്ഞെടുപ്പ് എന്നിവ നിലനിർത്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 18.6.2026 ലെ സ.ഉ (കൈ) നം. 107/2026/പൊ.വി.വ പ്രകാരം പൊതുവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി കൺവീനറായുള്ള ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പ്രഥമ യോഗം 24.6.2026 ന് ചേരുകയുണ്ടായി. പദ്ധതിയുമായി മുന്നോട്ട് പോകുന്നത് സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ധാരണാപത്രത്തിൽ ഒപ്പു വച്ചതിനെ തുടർന്ന് 2025-2026 വർഷത്തിൽ തടഞ്ഞു വച്ച 99.27 കോടി രൂപ സമഗ്ര ശിക്ഷ കേരളം പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിക്കുകയുണ്ടായി.

**(സി)** പി.എം.ശ്രീ പദ്ധതി വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച തീരുമാനം അറിയിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** പി.എം. ശ്രീ പദ്ധതി വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് തീരുമാനം അറിയിക്കണമെന്നും പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും 2026 മെയ് 8 ന് സംസ്ഥാനത്തിന് കത്ത് ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**